ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 19.07.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1). ദുരന്തനിവാരണ നിയമ ഭേദഗതി ഉൾപ്പെടെ ആറ് പുതിയ ബില്ലുകൾ പാർലമെൻറിൻറെ വർഷകാല സമ്മേളനത്തിൽ അവതരിപ്പിക്കും.

The government will introduce six new bills, including the one to amend the disaster management law, in the Monsoon Session of Parliament beginning next week.

2). 2030-ഓടെ ഇലക്ട്രോണിക്സ് ഉൽപ്പാദനത്തിൽ 50,000 കോടി ഡോളർ മൂല്യം കൈവരിക്കാൻ ലക്ഷ്യമിട്ട് ഇന്ത്യ.

India has set a target to achieve 500 billion US dollar in electronics manufacturing in value terms by 2030.

3). വാഹനങ്ങളുടെ മുൻവശത്ത് ഫാസ്ടാഗ് ഘടിപ്പിക്കാത്തവരിൽ നിന്ന് ഇരട്ടി ടോൾ ഈടാക്കുമെന്ന് മുന്നറിയിപ്പ് നൽകി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ.

National Highways Authority of India (NHAI) will charge double toll from vehicles with Non-affixed FASTag on front windshield.

4). മയക്കുമരുന്നുകളെ കുറിച്ചുള്ള വിവരങ്ങൾ നാർക്കോട്ടിക് കൺട്രോൾ ബ്യൂറോയുമായി പങ്കിടാൻ 24 മണിക്കൂറും പ്രവർത്തിക്കുന്ന ദേശീയ ഹെൽപ് ലൈൻ നിലവിൽ വന്നു.

Home Minister Amit Shah launches country's first National Narcotics Helpline '1933' in New Delhi.

5). വടക്കൻ കേരളത്തിൽ കനത്ത നാശം വിതച്ച് മഴ തുടരുന്നു. നാല് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. അഞ്ച് ജില്ലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി.

Heavy rains continue to wreak havoc in North Kerala. Orange alert in four districts today. Holiday for educational institutions in five districts today.

6). ഏഷ്യ കപ്പ് വനിത ട്വൻറി- 20 ക്രിക്കറ്റിൽ ഇന്ന് ഇന്ത്യ - പാകിസ്ഥാൻ പോരാട്ടം.

In the Women's Asia Cup Cricket T20, defending champions India will kick off their campaign against arch-rivals Pakistan on the tournament's opening day today in Dambulla, Sri Lanka.

==========================================================

**PARLIAMENT BILLS - (INTRO)**

ദുരന്തനിവാരണ നിയമ ഭേദഗതി ഉൾപ്പെടെ ആറ് പുതിയ ബില്ലുകൾ പാർലമെൻറിൻറെ അടുത്തയാഴ്ച ആരംഭിക്കുന്ന വർഷകാല സമ്മേളനത്തിൽ കേന്ദ്രസർക്കാർ അവതരിപ്പിക്കും. ലോക്സഭാ സെക്രട്ടേറിയറ്റ് പുറത്തിറക്കിയ പാർലമെന്റ് ബുള്ളറ്റിനിലാണ് ബില്ലുകളുടെ പട്ടിക പ്രസിദ്ധീകരിച്ചത്.

**വിശദാംശങ്ങളിലേക്ക്**

**(VOICE......)**

വ്യോമയാന മേഖലയിൽ വാണിജ്യനടപടിക്രമങ്ങൾ ലഘൂകരിക്കാൻ 1934- ലെ എയർക്രാഫ്റ്റ് ആക്ടിന് പകരമായി ഭാരതീയ വായുയാൻ വിധേയക് 2024 പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ധനകാര്യബില്ലുകളും പട്ടികയിലുണ്ട്. സ്വാതന്ത്ര്യലബ്ധിക്കുമുമ്പേ നിലവിലുള്ള നിയമത്തിന് പകരമുള്ള ബോയ്‌ലേഴ്സ് ബിൽ, കോഫി ബിൽ, റബ്ബർ ബിൽ തുടങ്ങിയവയും പരിഗണനയിലുണ്ട്. പാർലമെൻറിൻറെ വർഷകാല സമ്മേളനം ഈമാസം 22-ന് ആരംഭിക്കും. അടുത്തമാസം12 വരെ സമ്മേളനം തുടരും. ധനമന്ത്രി നിർമല സീതാരാമൻ ഈമാസം 23 ന് കേന്ദ്ര ബജറ്റ് അവതരിപ്പിക്കും. അതിനിടെ, ലോക്സഭാ സ്പീക്കർ ഓം ബിർള പാർലമെൻററി അജണ്ട തീരുമാനിക്കുന്ന കാര്യോപദേശകസമിതി രൂപീകരിച്ചു. സമിതിയുടെ അധ്യക്ഷൻ സ്പീക്കർ ആയിരിക്കും. സമിതിയിൽ സുദീപ് ബന്ദ്യോപാധ്യായ (ടിഎംസി), പി പി ചൗധരി (ബിജെപി), ലവു ശ്രീകൃഷ്ണ ദേവരായലു (ടിഡിപി), നിഷികാന്ത് ദുബെ (ബിജെപി), ഗൗരവ് ഗൊഗോയ് (കോൺഗ്രസ്), സഞ്ജയ് ജയ്സ്വാൾ (ബിജെപി), ദിലേശ്വർ കമൈത് (ജെഡി-യു), ഭർതൃഹരി. മഹ്താബ് (ബിജെപി), ദയാനിധി മാരൻ (ഡിഎംകെ), ബൈജയന്ത് പാണ്ഡ (ബിജെപി), അരവിന്ദ് സാവന്ത് (ശിവസേന-യുബിടി), കൊടിക്കുന്നിൽ സുരേഷ് (കോൺഗ്രസ്), അനുരാഗ്

താക്കൂർ (ബിജെപി), ലാൽജി വർമ (എസ്പി) എന്നിവർ അംഗങ്ങളാണ്.
ന്യൂസ് ഡെസ്ക്, ആകാശവാണി.....

==================================================

## NITI AAYOG – ELECTRONICS

2030-ഓടെ ഇലക്ട്രോണിക്സ് ഉൽപ്പാദനത്തിൽ 50,000 കോടി ഡോളർ മൂല്യം കൈവരിക്കാൻ ലക്ഷ്യമിട്ട് ഇന്ത്യ. ഫിനിഷ്ഡ് ഗുഡ്സ് നിർമാണത്തിൽ നിന്ന് 35, 000 കോടി ഡോളറും ഘടക നിർമാണത്തിൽ നിന്ന് 15,000 കോടി ഡോളറും ലക്ഷ്യമിടുന്നു. നിതി ആയോഗ് വൈസ് ചെയർമാൻ സുമൻ ബെറി ന്യൂഡൽഹിയിൽ പുറത്തിറക്കിയ രേഖയിലാണ് ഇക്കാര്യമുള്ളത്. ഇന്ത്യയുടെ ഇലക്ട്രോണിക്സ് മേഖല അതിവേഗ വളർച്ച കൈവരിച്ചെന്നും 2023-ൽ 15,500 കോടി ഡോളർ മൂല്യത്തിലെത്തിയെന്നും റിപ്പോർട്ട് എടുത്തുകാട്ടി.

==================================================

## NHAI – DOUBLE CHARGE

വാഹനങ്ങളുടെ മുൻവശത്ത് ഫാസ്ടാഗ് ഘടിപ്പിക്കാത്തവരിൽ നിന്ന് ഇരട്ടി ടോൾ ഈടാക്കുമെന്ന് മുന്നറിയിപ്പ് നൽകി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ. വാഹനങ്ങളുടെ വിൻഡ്സ്ക്രീനിൽ ബോധപൂർവം ഫാസ്ടാഗ് ഘടിപ്പിക്കാത്തത് ടോൾ പ്ലാസകളിൽ അനാവശ്യമായ കാലതാമസത്തിന് കാരണമാകുമെന്നും ഇത് ദേശീയപാത ഉപയോക്താക്കൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നും അതോറിറ്റി ചൂണ്ടിക്കാട്ടി. മുൻവശത്തെ വിൻഡ്ഷീൽഡിൽ ഫാസ്ടാഗ് ഘടിപ്പിച്ചില്ലെങ്കിൽ ഇരട്ടി ഫീസ് ഈടാക്കാൻ എല്ലാ യൂസർ ഫീ കളക്ഷൻ ഏജൻസികൾക്കും വിശദമായ നടപടിക്രമങ്ങൾ ഉൾപ്പെടെ നിർദേശം നൽകി. നിലവിൽ, രാജ്യത്തെ ആയിരത്തോളം ടോൾ പ്ലാസകളിൽ ഫീസ് ഈടാക്കുന്നുണ്ട്. ഏകദേശം എട്ടുകോടിയോളം

വാഹന ഉപയോക്താക്കൾ ടോൾ അതിവേഗത്തിൽ അടയ്ക്കാനുള്ള ഓൺലൈൻ സംവിധാനമായ ഫാസ്്ടാഗ് എടുത്തിട്ടുണ്ട്.

=====================================================

## AMIT SHA

മയക്കുമരുന്നുകളെ കുറിച്ചുള്ള വിവരങ്ങൾ നാർക്കോട്ടിക് കൺട്രോൾ ബ്യൂറോയുമായി പങ്കിടാൻ 24 മണിക്കൂറും പ്രവർത്തിക്കുന്ന ദേശീയ ഹെൽപ് ലൈൻ നിലവിൽ വന്നു. മനസ് എന്ന ഹെൽപ് ലൈനിലേക്ക് 1933 എന്ന നമ്പരിൽ ബന്ധപ്പെടാം. മയക്കുമരുന്ന് ഉപയോഗത്തിൽ നിന്നും മുക്തി നേടാനും പുനരധിവാസത്തെക്കുറിച്ചും ഉപദേശം ലഭിക്കാനും ഹൈൽലൈനുമായി ബന്ധപ്പെടാം. ന്യൂഡൽഹിയിൽ മയക്കുമരുന്ന് ഏകോപന കേന്ദ്രത്തിന്റെ ഏഴാം ഉന്നതതല യോഗത്തിൽവച്ച് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായാണ് ഹെൽപ് ലൈൻ പുറത്തിറക്കിയത്.

=====================================================

## RAIN KERALA GENERAL

കേരളത്തിൽ കനത്ത നാശം വിതച്ച് മഴ തുടരുന്നു. വടക്കൻ കേരളത്തിൽ രണ്ടുദിവസം കൂടി കനത്ത മഴ തുടരുമെന്നാണ് മുന്നറിയിപ്പ്. സംസ്ഥാനത്ത് 11 വീടുകൾ പൂർണ്ണമായും 323 വീടുകൾ ഭാഗികമായും തകർന്നു. 62 ദുരിതാശ്വാസ ക്യാമ്പുകളിലായി1,473 പേരെ മാറ്റിപ്പാർപ്പിച്ചു. കോഴിക്കോട് കക്കയം ഡാമിൽ ജലനിരപ്പ് ഉയർന്നതിനാൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. ഇന്ന് കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലയിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. അടുത്ത രണ്ടാഴ്ച സംസ്ഥാനത്ത് സാധാരണയെക്കാൾ കൂടുതൽ മഴ ലഭിക്കും.

==========================================

**HOLIDAY**

വയനാട്, കണ്ണൂർ, പാലക്കാട് ജില്ലകളിൽ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് അവധി പ്രഖ്യാപിച്ചു. കോഴിക്കോട്, കാസർകോട് ജില്ലകളിൽ കോളേജുകൾ ഒഴികെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധിയായിരിക്കും. മാഹിയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധി നൽകി. പൊതുപരീക്ഷകൾ, സർവകലാശാല പരീക്ഷകൾ എന്നിവയ്ക്ക് മാറ്റമുണ്ടാവില്ല.

==========================================

**WAYANAD**

വയനാട് നിരവിൽപുഴ കുറ്റ്യാടി റോഡിൽ വാഹന ഗതാഗതം പുനരാരംഭിച്ചു. വലിയ വാഹനങ്ങൾ ഒഴികെ ചെറിയ വാഹനങ്ങൾ പോകാൻ പറ്റാത്ത അവസ്ഥയായിരുന്നു. വെള്ളം ഇറങ്ങി തുടങ്ങിയതോടെയാണ് വാഹന ഗതാഗതം പുനരാരംഭിച്ചത്.

==========================================

**DAM**

മഴ തുടരുന്ന സാഹചര്യത്തിൽ ഇന്ന് പകൽ 11 മണി മുതൽ തെന്മല പരപ്പാർ ഡാമിൻറെ മൂന്ന് ഷട്ടറുകൾ 50 സെൻറീമീറ്റർ വീതം പടിപടിയായി ഉയർത്തി അധികജലം കല്ലടയാറ്റിലേക്ക് ഒഴുക്കും. കല്ലടയാറിൻറെ തീരപ്രദേശങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണം. പാലക്കാട് ശിരുവാണി ഡാമിന്റെ റിവർ സ്ലൂയിസ് 40 സെൻറീമീറ്റർ ആക്കി ഉയർത്തി.

==========================================

## SUPREME COURT STAY

പെരുമ്പാവൂരിൽ നിയമ വിദ്യാർത്ഥിനിയെ പീഡിപ്പിച്ച് കൊലപ്പെടുത്തിയ കേസിൽ അസം സ്വദേശി അമീറുൽ ഇസ്ലാമിൻറെ വധശിക്ഷ നടപ്പാക്കുന്നത് സുപ്രീം കോടതി സ്റ്റേ ചെയ്തു. വധശിക്ഷ ശരിവച്ച കേരള ഹൈക്കോടതി വിധിക്കെതിരെ അമീറുൽ ഇസ്ലാം നൽകിയ അപ്പീൽ ഹർജിയാണ് പരിഗണിച്ചത്. ഈ ഹർജി തീർപ്പാകും വരെയാണ് സ്റ്റേ.

==================================================

## RBI-BULLETIN

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ മെച്ചപ്പെടുന്നതിൻറെ സൂചനകളോടെയാണ് നടപ്പ് സാമ്പത്തിക വർഷത്തിൻ്റെ രണ്ടാം പാദം ആരംഭിച്ചതെന്ന് റിസർവ് ബാങ്ക്. കാർഷിക മേഖലയുടെ പുരോഗതിയും ഗ്രാമീണമേഖലയിൽ ക്രയവിക്രയം മെച്ചപ്പെട്ടതും ഗുണപരമാണെന്ന് ആർ.ബി.ഐ പ്രതിമാസ ബുള്ളറ്റിനിൽ പറയുന്നു.

==================================================

## MANDAVIYA-KIRTI

കായികപ്രതിഭകളെ ചെറുപ്രായത്തിൽതന്നെ കണ്ടെത്താനുള്ള ഖേലോ ഇന്ത്യ റൈസിംഗ് ടാലന്റ് ഐഡന്റിഫിക്കേഷൻ പദ്ധതി - കീർത്തിയുടെ രണ്ടാം ഘട്ടം കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി സംയോജിത പ്രതിഭാ തിരിച്ചറിയൽ സംവിധാനം വികസിപ്പിക്കുന്നതിനാണ് കീർത്തി വിഭാവനം ചെയ്തിരിക്കുന്നതെന്ന് മന്ത്രാലയം അറിയിച്ചു.

==================================================

**WOMEN CRICKET**

ഏഷ്യാ കപ്പ് വനിതാ ട്വൻറി- 20 ക്രിക്കറ്റിന് ഇന്ന് തുടക്കം. ഉച്ചയ്ക്ക് രണ്ടുമണിക്ക് ശ്രീലങ്കയിൽ നടക്കുന്ന ഉദ്ഘാടന മത്സരത്തിൽ യുണൈറ്റഡ് അറബ് എമിറേറ്റ്സും നേപ്പാളും തമ്മിൽ ഏറ്റുമുട്ടും. രാത്രി 7 ന് രണ്ടാം മത്സരത്തിൽ നിലവിലെ ചാമ്പ്യൻമാരായ ഇന്ത്യ, പാകിസ്ഥാനെ നേരിടും. ശ്രീലങ്ക ആതിഥേയത്വം വഹിക്കുന്ന ടൂർണമെന്റിൽ എട്ട് രാജ്യങ്ങളാണ് പങ്കെടുക്കുന്നത് .

==========================================================

**SURYAKUMAR YADAV**

ശ്രീലങ്കൻ പര്യടനത്തിനുള്ള ഇന്ത്യൻ പുരുഷ ട്വൻറി -20 ക്രിക്കറ്റ് ടീം ക്യാപ്റ്റനായി സൂര്യകുമാർ യാദവിനെ തിരഞ്ഞെടുത്തു. ഏകദിന ടീമിനെ രോഹിത് ശർമ നയിക്കും. വിരാട് കോലിയും ഏകദിന ടീമിലുണ്ട്. ശുഭ് മാൻ ഗില്ലാണ് ഇരു ടീമുകളുടേയും വൈസ് ക്യാപ്റ്റൻ. മലയാളി താരം സഞ്ജു സാംസൺ ടി-20 ടീമിലുണ്ട്.

==========================================================

**TENNIS-SWEDISH OPEN**

സ്വീഡിഷ് ഓപ്പൺ ടെന്നീസ് പുരുഷ സിംഗിൾസ് ക്വാർട്ടർ ഫൈനലിൽ സ്പാനിഷ് താരം റാഫേൽ നദാൽ അർജന്റീനയുടെ മരിയാനോ നവോണിനെ നേരിടും. ബ്രിട്ടന്റെ കാമറൂൺ നോറിയെ നേരിട്ടുള്ള സെറ്റുകൾക്ക് പരാജയപ്പെടുത്തിയാണ് നദാൽ ക്വാർട്ടർ ഫൈനലിൽ കടന്നത്.

==========================================================

**GOLF – DUTCH LADIES OPEN**

ഡച്ച് ലേഡീസ് ഓപ്പൺ ഗോൾഫ് ടൂർണമെന്റിന് ഇന്ന് തുടക്കം. നെതർലൻഡ്സിൽ നടക്കുന്ന ടൂർണമെന്റിൽ ഇന്ത്യൻ

സംഘത്തെ ത്രേസ മാലിക് നയിക്കും. വാണി കപൂർ റിധിമ ദിലാവാരി തുടങ്ങിയ താരങ്ങളും മത്സരങ്ങളിൽ പങ്കെടുക്കും.

===============================================

## FENCING-INDIA

ന്യൂസിലൻഡിൽ നടന്ന കോമൺവെൽത്ത് ഫെൻസിങ് ചാമ്പ്യൻഷിപ്പിൽ ഒരു വെള്ളിയും മൂന്ന് വെങ്കലവും നേടി ഇന്ത്യ. ജമ്മു- കശ്മീർ ഫെൻസർമാരാണ് ഇന്ത്യയ്ക്കു വേണ്ടി അഭിമാന നേട്ടം കരസ്ഥമാക്കിയത്.

===============================================

## BANGLADESH - PROTESTS

ബംഗ്ലാദേശിൽ, സർക്കാർ ജോലികൾക്കുള്ള ക്വാട്ട സമ്പ്രദായം പരിഷ്കരിക്കണമെന്ന് ആവശ്യപ്പെട്ടുള്ള വിദ്യാർത്ഥി പ്രതിഷേധത്തെ തുടർന്ന് തലസ്ഥാനമായ ധാക്കയിൽ ഉൾപ്പെടെ അക്രമം. 1971-ൽ രാജ്യത്തിൻ്റെ സ്വാതന്ത്ര്യത്തിനായി പൊരുതിയവരുടെ ബന്ധുക്കൾക്ക് പൊതുമേഖലയിലെ ജോലികൾ സംവരണം ചെയ്യുന്ന സമ്പ്രദായത്തിനെതിരെ, സർവകലാശാലാ വിദ്യാർത്ഥികൾ ദിവസങ്ങളായി റാലികൾ നടത്തിവരികയാണ്. ധാക്കയിലെ മെട്രോ റെയിലും, റെയിൽവേ സർവീസുകളും നിർത്തിവച്ചു. മൊബൈൽ ഇൻ്റർനെറ്റ് സേവനങ്ങളും നിർത്തി.

===============================================

## FS-BHUTAN

വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രിയുടെ ദ്വിദിന ഭൂട്ടാൻ സന്ദർശനത്തിന് ഇന്ന് തുടക്കമാകും. ഭൂട്ടാൻ രാജാവുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും.

===============================================

## ARUNACHAL-SESSION

അരുണാചൽ പ്രദേശ് നിയമസഭയുടെ ബജറ്റ് സമ്മേളനം ഇന്ന് ആരംഭിക്കും. പെമ ഖണ്ഡുവിൻ്റെ നേതൃത്വത്തിലുള്ള സംസ്ഥാന സർക്കാർ വീണ്ടും അധികാരത്തിലെത്തിയതിന് ശേഷമുള്ള ആദ്യ ബജറ്റ് അവതരണമാണിത്.

==========================================================

## VOICE OVER ARTISTS

വോയ്സ് ഓവർ ആർട്ടിസ്റ്റുകളെ പ്രോത്സാഹിപ്പിക്കാൻ ദേശീയ ചലച്ചിത്ര വികസന കോർപ്പറേഷനും ഒ.ടി.ടി കമ്പനിയായ നെറ്റ് ഫ്ളിക്സും കൈകോർക്കുന്നു. മലയാളം, ഇംഗ്ലീഷ്, ഹിന്ദി, മറാഠി തുടങ്ങിയ ഭാഷകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന വോയ്സ് ഓവർ ആർട്ടിസ്റ്റുകൾക്ക് പ്രത്യേക പരിശീലനം നൽകുന്നതാണ് ദി വോയ്സ് ബോക്സ് നൈപുണ്യ വികസന പരിപാടി. കൊച്ചിയിലും ആദ്യ ഘട്ടത്തിൽ പരിശീലനം നടക്കും.

==========================================================

## EU CHIEF-VON DER LEYEN

യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റായി ജർമ്മനിയുടെ ഉർസുല വോൺ ഡെർ ലെയൻ തുടരും. ഇത് രണ്ടാം വട്ടമാണ് ഉർസുല ഈ പദവിയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നത്.

===========================

==========================================================

==================